പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4413 | 4/02/2014 ൽ മറുപടിയ്ക്ക്

## സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി മേഖലകളിലെ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (എ) | ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക നിലവിലില്ല. അദ്ധ്യാപകർക്ക് ലൈബ്രേറിയന്റെ ചുമതല നൽകുകയാണ് ചെയ്യുന്നത്. ലൈബ്രേറിയൻമാരുടെ നിയമനം സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) വായനാശീലം വളർത്തുന്നതിനും പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഏറെ അറിവ് നേടുന്നതിനും സ്കൂൾ തലത്തിലെ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഓരോ സാമ്പത്തിക വർഷവും തുക അനുവദിക്കുന്നുണ്ട്. |
| (സി) സർക്കാർ എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള ലൈബ്രേറിയൻ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | സർക്കാർ കോളേജുകളിലെ ലൈബ്രേറിയൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി ഒഴിവുകളുടെ വിവരം സർക്കാരിനെ അറിയിക്കുകയും, തുടർനടപടികൾ സർക്കാർ കൈക്കൊള്ളുകയുമാണ് ചെയ്യുന്നത്. എയ്ഡഡ് കോളേജുകളിലേത് ബന്ധപ്പെട്ട മാനേജർ ആവശ്യപ്പെടുന്നതനുസരിച്ച്, അംഗീകൃത തസ്തികകളിലേയ്ക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടാണ് നിയമനാനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ